2013 - 31

2014 - 15

2015 - 7 (22-6-2015 വരെ)

(ബി) അട്ടപ്പാടിയിൽ റിപ്പോർട്ട് ചെയ്ത ഓരോ ശിശുമരണവും ആരോഗ്യ വകുപ്പ് പ്രത്യേകമായി അന്വേഷണ വിധേയമാക്കുന്നുണ്ട്. ഗർഭിണികളുടെ പോഷണക്കുറവ്, ജന്മനായുള്ള ആന്തരാവയവങ്ങളുടെ തകരാറ്, നേരത്തെയുള്ള പ്രസവം, തൂക്കക്കുറവ്, അണുബാധ തുടങ്ങിയ കാരണങ്ങളാലാണ് ശിശുമരണങ്ങൾ സംഭവിക്കുന്നത് എന്നാണ് വിലയിരുത്തിയിട്ടുള്ളത്. ഈ കുഞ്ഞുങ്ങളുടെകാര്യത്തിൽ അമ്മമാർക്ക് വേണ്ട ഗർഭകാല പരിചരണവും കുഞ്ഞുങ്ങൾക്കുവേണ്ട ഫീൽഡ്തല പരിശോധനകളും പരിചരണവും ആരോഗ്യകേന്ദ്രങ്ങളിൽനിന്ന് ലഭിക്കേണ്ട സേവനങ്ങളും ലഭിച്ചിട്ടുണ്ട്.

പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

90 (2299) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകളിലൂടെ എത്ര വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിന് സൗകര്യം നൽകി ;

(ബി) ഇതിനായി എത്ര തസ്തികകൾ വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2013-14 അദ്ധ്യയന വർഷം മുതൽ 100 കുട്ടികൾക്ക് വീതം എം.ബി.ബി.എസ്. കോഴ്സിൽ പ്രവേശനംനൽകി വരുന്നു. ഇടുക്കി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2014-15 അദ്ധ്യയന വർഷം മുതൽ 50 കുട്ടികൾക്ക് വീതം എം.ബി.ബി.എസ്. പ്രവേശനം നൽകിവരുന്നു.

(ബി) മഞ്ചേരി മെഡിക്കൽ കോളേജിലേയ്ക്ക് 261 തസ്തികകളും ഇടുക്കി മെഡിക്കൽ കോളേജിലേയ്ക്ക് 149 തസ്തികകളും അനുവദിച്ചു.

ആലപ്പുഴ മെഡിക്കൽ കോളേജ് കാന്റീൻ പ്രവർത്തനം

91 (2300) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly